**KERALA STATE ELECTRICITY REGULATORY COMMISSION**
KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

No. 1223/Admn./2016/KSERC Date: 19.07.2016

ഡയറക്ടർ,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം - കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ- കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുന്നു എന്ന വാർത്ത- സംബന്ധിച്ച്.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ വെട്ടിക്കുറയ്ക്കുന്നു എന്ന് സൂചിപ്പിച്ചു കൊണ്ട് ചില പത്രങ്ങളിൽ അടിസ്ഥാന രഹിതവും തെറ്റിദ്ധാരണാജനകവുമായ വാർത്ത വന്നിരുന്നു. ആയതിന് പൊതുജനങ്ങളുടേയും ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടേയും അറിവിലേക്കായി ഒരു സ്പഷ്ടീകരണം നൽകുന്നത് ആവശ്യമാണ്. പൊതു താൽപര്യം കണക്കിലെടുത്ത് ഇതോടൊപ്പം വച്ചിരിക്കുന്ന കുറിപ്പ് കേരളത്തിലെ പ്രധാനപ്പെട്ട അച്ചടി-ദൃശ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസതതയോടെ

സെക്രട്ടറി.

Copy to : CA to Chairman for publication in the website

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ്ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വെട്ടികുറയ്ക്കുന്നു എന്ന് സൂചിപ്പിച്ചു കൊണ്ട് ചില ദിനപത്രങ്ങളിൽ വന്ന വാർത്ത അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാജന കവുമായതിനാൽ ഇക്കാര്യത്തിൽ വസ്തുതാപരമായ ഒരു സ്പഷ്ടീകരണം നൽകേണ്ടത് ആവശ്യമാണ്.

വൈദ്യുതി രംഗത്തെ ഏതൊരുവിതരണ ലൈസൻസിക്കും, പ്രസരണ ലൈസൻസിക്കും, വൈദ്യുതിഉൽപ്പാദന കമ്പനിക്കും അതാതുസ്ഥാപനങ്ങളുമായി ബന്ധ പ്പെട്ടതും അവയ്ക്ക് ബാധകമായതുമായ നിയമാവലികളും, ചട്ടങ്ങളും, സർക്കാർ ഉത്തര വുകളുമനുസരിച്ച് ജീവനക്കാരെ നിയമിക്കാനും, അവരുടെ സേവന–വേതന വ്യവസ്ഥകൾ നിശ്ചയിക്കാനും അതിലേക്കാവശ്യമായ ചെലവുകൾ ചെയ്യുന്നതിനും പൂർണ്ണ അധികാരമുണ്ട്. വൈദ്യുതി ഉല്പാദന, പ്രസരണ, വിതരണമേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഭരണപരമോ സാമ്പത്തികമോ ആയ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് കമ്മീഷന്റെ ചുമതലയിൽ വരുന്ന കാര്യമല്ല. പൊതു മേഖലാ സ്ഥാപനങ്ങളിലെ ചെലവുകൾ, നിയമങ്ങളും ചട്ടങ്ങളും, സർക്കാർ ഉത്തരവു കളും അനുസരിച്ചാണോ എന്നു പരിശോധിക്കുന്നതും വിലയിരുത്തുന്നതും ചെലവു കളെ സംബന്ധിച്ച വിയോജന കുറിപ്പുകൾ അടങ്ങുന്ന റിപ്പോർട്ട് തയ്യാറാക്കുന്നതും പ്രധാനമായും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലും അതാതുസ്ഥാപനങ്ങളിലെ ഇന്റേ ണൽ ആഡിറ്റ് വിഭാഗവുംആണ്.

2003 ലെ ഇലക്ട്രിസിറ്റി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം, ഉപഭോക്താ വിന്റെതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് കമ്മീഷന് നിയമപരമായപുമതലയും ഉത്തര

വാദിത്തവും ഉണ്ട്. ന്യായമായ നിരക്കിൽ, കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി പുറപ്പെടുവിച്ച ചട്ടങ്ങൾ നിഷ്ക്കർഷിക്കുന്ന ഗുണമേന്മാ മാനദണ്ഡങ്ങൾ അനുസരിച്ച്, തടസ്സമില്ലാതെ ഉപഭോക്താവിന് വൈദ്യുതി വിതരണം ചെയ്യാൻ, വിതരണലൈസൻസിക്ക് ചുമതലയും ഉത്തരവാദിത്തവും ഉണ്ട്.

വൈദ്യുതി ഉല്പാദനം / വാങ്ങൽ, വായ്പകളുടെ പലിശ, ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പെൻഷൻ എന്നീ ഇനങ്ങളിൽവരുന്ന ചെലവ്, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്, ഭരണചെലവുകൾ തുടങ്ങി പണമായി നൽകേണ്ട ചെലവുകളും, തേയ്മാനചെലവുകൾ (ഡിപ്രീസിയേഷൻ), മുതൽ മുടക്കിനുള്ള വരുമാനം (റിട്ടേൺ ഓൺ ഇക്വിറ്റി) എന്നിവയും അടങ്ങുന്ന മൊത്തം വാർഷിക റവന്യൂ ചെലവുകൾക്ക് വേണ്ടിവരുന്ന തുക (അഗ്രഗേറ്റ് റവന്യൂ റിക്വയർമെന്റ്) ഈടാക്കാൻ കഴിയുന്ന വിധമാണ് കാലാകാലങ്ങളായി വൈദ്യുതി താരിഫ് നിശ്ചയിക്കുന്നത്. ഇത്തരം ചെലവിനങ്ങളിൽ അധിക ചെലവ് ഉൾപ്പെട്ടുവരുകയും അംഗീകരിക്കപെടുന്നതിന് ഇടയാവുകയും ചെയ്താൽ അത് താരിഫ് വർദ്ധനയ്ക്ക് ഇടയാക്കും.

വൈദ്യുതിമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എല്ലാചെലവുകളും ഉപഭോക്താവിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും, ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതിവിതരണം ചെയ്യുന്നതിനും വേണ്ടി മാത്രം ആകണമെന്നില്ല. ലൈസൻസികളുടെ എല്ലാ ചെലവുകളും യാതൊരു നിയന്ത്രണവും ഇല്ലാതെ ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി താരിഫ് മുഖേന ഈടാക്കാമെന്ന സ്ഥിതിവന്നാൽ ആഡംബരചെലവുകളും അമിതചെലവുകളും വർദ്ധിക്കാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ചെലവുകളിൽ എത്രമാത്രം ഉപഭോക്താവിന് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ളതാണ് എന്ന് പരിശോധിച്ച് അംഗീകരിക്കുകയും അവ താരിഫ് നിർണ്ണയത്തിനായി പരിഗണിക്കുകയും ചെയ്യുകമാത്രമാണ് കമ്മീഷൻ ചെയ്യുന്നത്. അതുകൊണ്ടാണ്

കമ്മീഷൻ ലൈസൻസികളുടെ ഓഡിറ്റുചെയ്ത കണക്കുകൾ പരിശോധിക്കുന്നതും അവയിൽ മിതവും ന്യായവുമായ ചെലവുകൾ താരിഫ് നിർണ്ണയത്തിനായി അംഗീകരിക്കുന്നതും. ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഹൈക്കോടതികളും, ഇലക്ട്രിസിറ്റി അപ്പലെറ്റ് ട്രൈബ്യൂണലും അംഗീകരിച്ചിട്ടുളള ഈ പ്രക്രിയയെ കരുതൽ പരിശോധന അഥവാ പ്രൂഡൻസ് ചെക്ക് എന്നാണ് അറിയപ്പെടുന്നത്. പ്രൂഡൻസ് ചെക്ക് നടത്തിയ കണക്ക് ആഡിറ്റ് ചെയ്ത കണക്കിൽ നിന്നും വ്യത്യസ്ഥമാകാം.

മിതവും ന്യായവുമായ ചെലവുകൾ അംഗികരിക്കുന്നതിന് 2014 ലെ താരിഫ് റെഗുലേഷൻ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസികൾ അടക്കമുളള ബന്ധപ്പെട്ട എല്ലാവരെയും പൊതുവായി അറിയിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തശേഷം, മുൻവർഷങ്ങളിലെ യഥാർത്ഥ ചെലവുകളെ കൂടി അടിസ്ഥാനമാക്കിയാണ് ഈ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുളളത്. ഉപഭോക്താവിനുനൽകുന്ന വൈദ്യുതിയുടെ അളവും ഗുണവും സേവനവും മെച്ചപ്പെടുത്തുന്നതിനു വേണ്ടിവരുന്ന ന്യായമായ ചെലവുകൾ നിജപ്പെടുത്തി താരിഫ് നിർണ്ണയം ചെയ്യുന്ന പ്രക്രിയയെ മറ്റൊരുതരത്തിൽ ചിത്രീകരിക്കുന്നത് പൊതുജനങ്ങളിലും ലൈസൻസികളുടെ ജീവനക്കാരിലും റെഗുലേറ്ററി കമ്മീഷനെ കുറിച്ചും പ്രവർത്തനത്തെ കുറിച്ചും തെറ്റായ ധാരണകൾ ഉണ്ടാക്കാൻ ഇടയാക്കുന്നതാണ്.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ അതാതു കാലത്തെ നിയമങ്ങളും ചട്ടങ്ങളും കരാറുകളും അനുസരിച്ച് സർക്കാർ അംഗീകാരത്തിനു വിധേയമായി നിശ്ചയിക്കുവാൻ ആ സ്ഥാപനത്തിന് പൂർണ്ണഅധികാരമുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ഒരു തീരുമാനവും കമ്മീഷൻ എടുത്തിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് അതിന്റെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിന് കമ്മീഷന്റെ അനുവാദമോ അംഗീകാരമോ ആവശ്യവുമി

ല്ല. ലൈസൻസിയുടെ ജീവനക്കാരുടെ എണ്ണം വെട്ടികുറയ്ക്കണമെന്നോ നിയമന നിരോധനം ഏർപ്പെടുത്തണമെന്നോ ഉള്ള ഒരു നിർദ്ദേശവും കമ്മീഷൻ നൽകിയിട്ടില്ല. എന്നാൽ നിലവിലുള്ള ജീവനക്കാരുടെ ജോലികളും ജോലി ഭാരവും യഥാവിധി തിട്ടപ്പെടുത്തണമെന്നും, അതിന്അനുസരിച്ച് ആവശ്യമായ പുനർവിന്യാസം നടത്തണമെന്നും, ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജീവനക്കാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും, സാമ്പത്തിക അച്ചടക്കം പാലിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയിലെ സ്ഥാപനങ്ങൾ ജീവനക്കാർക്ക് അനുവദിക്കുന്ന ശമ്പള വർദ്ധനയും മറ്റുചെലവുകളും ഏതുനിരക്കിലായാലും, മിതവും ന്യായമനുമായ നിരക്കിൽ ആവശ്യമായ തുക മാത്രമേ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനായി അംഗീകാരം നൽകാൻ കമ്മീഷന് കഴിയുകയുള്ളു. താരിഫ് മുഖേന ഈടാക്കാൻ കഴിയുന്ന തുകയിലും അധികമായി വൈദ്യുതി മേഖല രംഗത്തെ സ്ഥാപനങ്ങൾ ചെലവ് ചെയ്താൽ, അധിക ചെലവിനുള്ള സാമ്പത്തിക സ്രോതസ് അത്തരം സ്ഥാപനങ്ങൾ തന്നെ വേറെ കണ്ടെത്തേണ്ടതാണ്.

സെക്രട്ടറി